# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഈസ്റ്റർ പരീക്ഷ - 2017

**ക്ലാസ്സ് : V**     **സമയം : 2 മണിക്കൂർ**
**തീയതി : 01-04-2017**     **മാർക്ക് : 70**

---

**പദപ്പെട്ടിയിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

| | | |
|---|---|---|
| സ്വർഗ്ഗം | ദനഹാ | സിനഗോഗ് |
| കല്പനകൾ | പ്രവാചകൻ | |

1. യഹൂദരുടെ സമ്മേളന സ്ഥലം.
2. ദൈവത്തിനുവേണ്ടി സംസാരിക്കുന്നവൻ.
3. ഈശോയുടെ മാമ്മോദീസായുടെ അനുസ്മരണം.
4. ദൈവീക നീതിയുടെ അടയാളം.
5. ദൈവീക സാന്നിധ്യത്തിന്റെ കൂടാരം.

**എ – ബിയോട് ചേർക്കുക** **5**

6. മിശിഹാ – സമാധാന പ്രാർത്ഥന
7. വി. ക്ലാര – കുട്ടികളുടെ കൂട്ടുകാരൻ
8. വി. ഫ്രാൻസിസ് അസ്സീസ്സി – സലേഷ്യൻ സഭ
9. വി. ഡോൺ ബോസ്കോ – അഭിഷിക്തൻ
10. വി. ജോൺ ബർക്കുമൻസ് – പ്രകാശിക്കുന്ന പെൺകുട്ടി

**സംഭവങ്ങൾ ക്രമത്തിലെഴുതുക** **5**

11. എ) ഈജിപ്തിലെത്തിയ യാക്കോബിനെ ജോസഫ് സന്തോഷപൂർവ്വം സ്വീകരിച്ചു
    ബി) നാട്ടിലെ ഏറ്റവും നല്ല ദേശമായ റംസേസ് ആണ് അവൻ അവർക്ക് പാർക്കാൻ നൽകിയത്.



    സി) അവിടെ ഇസ്രായേലിന് ധാരാളം സമ്പത്തുണ്ടായിരുന്നു
    ഡി) ഫറവോയുടെ കല്പനയനുസരിച്ച് പിതാവിനും സഹോദരന്മാർക്കുമായി ഒരു ദേശം നൽകി.
    ഇ) യാക്കോബ് ഈജിപ്തിൽ പതിനേഴു വർഷം താമസിച്ചു.

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** **5**

12. ആരാണ് ജ്ഞാന ഗ്രന്ഥത്തിന്റെ കർത്താവ്
13. കേരളത്തിന്റെ ലിസ്യു എന്നറിയപ്പെടുന്ന സ്ഥലം
14. കത്തോലിക്ക സഭ എത്ര വ്യക്തിഗതസഭകളുടെ കൂട്ടായ്മയാണ്.
15. സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന പാഠാവലിക്ക് പൊതുവായി നല്കിയിരിക്കുന്ന പേര്?
16. വൈദ്യനും ചരിത്രകാരനുമായ സുവിശേഷകൻ

**ശരിയോ തെറ്റോ എന്നെഴുതുക** **5**

17. പഴയനിയമത്തിലെ ന്യായാധിപന്മാർ എന്ന ഗ്രന്ഥത്തിൽ 12 ന്യായാധിപന്മാരുടെ ചരിത്രമാണ് വിവരിക്കുന്നത്.
18. മോശയുടെ പിൻഗാമിയായി ഇസ്രായേലിനെ നയിക്കാൻ ദൈവം അഹറോനെ നിയോഗിച്ചു.
19. വിശുദ്ധ ഗ്രന്ഥത്തിൽ ആകെ 150 സങ്കീർത്തനങ്ങളാണുള്ളത്.
20. ഹൃദയ പരിവർത്തനം നടത്തി നന്മയുടെ വഴിയിലേയ്ക്ക് തിരിച്ചുവരാൻ ഇസ്രായേലിന് ആഹ്വാനം നൽകിയവരാണ് പ്രവാചകന്മാർ.
21. ഇസ്രായേലിനെ രക്ഷിക്കാനും ഈജിപ്തിനെ ശിക്ഷിക്കാനുമുള്ള തന്റെ പദ്ധതി ദൈവം അബ്രാഹത്തിന് വിവരിച്ച് കൊടുത്തു.

**ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **4**

22. “നിങ്ങൾ പൂർണ്ണ ഹൃദയത്തോടും .................. സേവിക്കുവിൻ” (1 സാമുവൽ 12:24).
23. “എന്നെ സ്നേഹിക്കുകയും ............... ഞാൻ കരുണ കാണിക്കും” (പുറപ്പാട് 20:6).

**ഉത്തരം എഴുതുക**

24. ദൈവം മോശയെ അയച്ചപ്പോൾ ഫറവോ രാജാവിനോട് പറയാനായി ഏല്പിച്ച കാര്യം എന്തായിരുന്നു? **2**
25. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത് **3**
26. വി. ഫ്രാൻസിസ് അസ്സീസിയുടെ സന്ദേശം എഴുതുക? **3**
27. ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഫലം അനുഭവിക്കാൻ നാം എന്തു ചെയ്യണം? **3**
28. വിശുദ്ധ ജീവിതം നയിക്കാൻ വി. ക്ലാര സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാം? നമുക്ക് എങ്ങനെ അവ മാതൃകയാക്കാം? **3**
29. ആരാണ് സഭാ പ്രബോധകർ? 4 സഭാപ്രബോധകരുടെ പേര് എഴുതുക **4**
30. ഉടമ്പടിയുടെ ജനത്തിന്റെ പ്രത്യേകതകൾ ഏവ? **4**
31. ഇസ്രായേലിലെ പുരോഹിതന്മാർ നിയുക്തരായത് എന്തിനു വേണ്ടി? പുരോഹിതന്മാർക്കുണ്ടായിരുന്ന ഉത്തരവാദിത്വങ്ങൾ എന്തെല്ലാം? **4**
32. മനസ്താപപ്രകരണം എഴുതുക. **5**
33. പഴയനിയമത്തിലെ ആദ്യത്തെ 5 ഗ്രന്ഥങ്ങളായ പഞ്ചഗ്രന്ഥിയിൽ എന്തെല്ലാം കാര്യങ്ങളാണ് അടങ്ങിയിരിക്കുന്നത്? **5**
34. ക്രൈസ്തവർ ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കുന്നതിന്റെ കാരണമെന്ത്? ഞായറാഴ്ച വിശുദ്ധമായി നിങ്ങൾ എങ്ങനെ ആചരിക്കും? **5**